# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5811

27-10-2011 ൽ മറുപടിയ്ക്ക്

## നടുവണ്ണൂർ-കുനിയിൽതാഴെ പാടശേഖരം

ചോദ്യം
ശ്രീ.പുരുഷൻ കടലുണ്ടി

മറുപടി
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) നടുവണ്ണൂർ-കുനിയിൽതാഴെ പാടശേഖരത്തിൽ ജല നിയന്ത്രണ സംവിധാന മില്ലാത്തതും മറ്റ് പ്രതികൂല സാഹചര്യങ്ങളും നിമിത്തം ഉല്പാദനം തടസ്സപ്പെടുന്നത് പരിഹരിക്കുന്നതിനും ഉല്പാദനവർദ്ധനവിനും വേണ്ടി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ പരിപാടികൾ വിശദമാക്കാമോ;

(ബി) ഇവ അതിവേഗം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

(എ) യും (ബി) യും നടുവണ്ണൂർ-കുനിയിൽതാഴെ പാടശേഖരത്തിന്റെ സമഗ്ര നെൽകൃഷി വികസനത്തിനുള്ള ഒരു രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഈ രൂപരേഖയിൽ സൂചിപ്പിച്ചിട്ടുള്ളത് മൂന്ന് ഘട്ടങ്ങളിലായി പ്രവർത്തനം നടത്താനാണ്. ഒന്നാം ഘട്ടത്തിൽ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി തോടിന്റെ മണ്ണ് നീക്കി ആഴം കൂട്ടുന്നതിന് ഏകദേശം 3000 മീറ്റർ നീളത്തിൽ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് 16,36,000/- രൂപ ആവശ്യമായി വരും. രണ്ടാം ഘട്ടവും മൂന്നാംഘട്ടവും ഇതിനുശേഷം പുതിയ വിത്തിനവും യന്ത്രവല്ക്കരണ നടപടികളും സ്വീകരിച്ചുകൊണ്ട് നടപ്പിലാക്കുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

സെക്ഷൻ ഓഫീസർ